(സി) കേരളത്തിൽ ആകെ 13.98 ദശലക്ഷം ടൺ ബോക്സൈറ്റ് നിക്ഷേപം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) കേരളത്തിൽ കടൽത്തീരത്തുനിന്നും അകലെ ഇടനിലപ്രദേശത്താണ് ബോക്സൈറ്റ് നിക്ഷേപം കണ്ടെത്തിയിട്ടുള്ളത്.

ബോക്സൈറ്റ് ഖനനം

34 [492] *പ്രൊഫ. കെ. വി. തോമസ്:*

ശ്രീ. എ. കെ. മണി:

,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെ നിന്നെല്ലാം ബോക്സൈറ്റ് ഖനനം ചെയ്യുന്നുണ്ട്;

(ബി) കാസർഗോഡ് ജില്ലയിൽനിന്ന് ബോക്സൈറ്റ് ഖനനം ചെയ്യാൻ ഉദ്ദേശമുണ്ടോ;

(സി) ഇതിന് ജനങ്ങളുടെ പിന്തുണ നേടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്നു പറയുമോ;

(ഡി) ഖനനംമൂലം അവശത അനുഭവിക്കേണ്ടിവരുന്നവർക്ക് ഖനനം നടത്തുന്ന കമ്പനികളിൽ നിന്ന് നഷ്ടപരിഹാരം വാങ്ങിക്കൊടുക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽപ്പെട്ട പോരുവഴി, ശൂരനാട് (വടക്ക്) എന്നീ വില്ലേജുകളിലും കണ്ണൂർ ജില്ലയിലെ മാടായി പ്രദേശത്തും ബോക്സൈറ്റ് ഖനനം നടന്നുവരുന്നു.

(ബി) കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഭാഗത്ത് ബോക്സൈറ്റ് ഖനനത്തിനുവേണ്ടിയുള്ള അപേക്ഷകൾ സർക്കാർ പരിഗണനയിലുണ്ട്.

(സി) ഇതു സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ പ്രത്യേകം നടപടികൾ ആവശ്യമുണ്ടെന്നു കരുതുന്നില്ല.

(ഡി) സാധാരണയായി എല്ലാ ഖനന വ്യവസായവുമായി ബന്ധപ്പെട്ടും തദ്ദേശവാസികൾക്ക് ഉപയോഗപ്രദമായ രീതിയിൽ വെൽഫയർ സ്കീം പ്രാവർത്തികമാക്കാറുണ്ട്.

ചീനക്കളിമണ്ണ് ലിഗ്നൈറ്റ് എന്നിവയുടെ ഖനനം

35 [493] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/573/2012—12

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ചീനക്കളിമണ്ണ്, ലിഗ്നൈറ്റ് എന്നിവയുടെ പര്യവേക്ഷണം നടക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇവയുടെ നിക്ഷേപം ഉള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചീനക്കളിമണ്ണും ലിഗ്നൈറ്റും വ്യാവസായികാടിസ്ഥാനത്തിൽ ഖനനം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഖനനം ചെയ്യപ്പെടുന്ന ചീനക്കളിമണ്ണും ലിഗ്നൈറ്റും എപ്രകാരം ഉപയോഗിക്കണം എന്നത് സംബന്ധിച്ച എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ചീനക്കളിമണ്ണ് ലിഗ്നൈറ്റ് എന്നിവയുടെ പര്യവേക്ഷണത്തിനായി പ്രതിവർഷം എന്ത് തുക ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചീനക്കളിമണ്ണിനുവേണ്ടിയുള്ള പര്യവേക്ഷണം നടക്കുന്നുണ്ട്. ലിഗ്നൈറ്റിനുവേണ്ടി നടത്തുന്നില്ല. തിരുവനന്തപുരം ജില്ലയിലെ മേൽ തോന്നയ്ക്കൽ, പള്ളിപ്പുറം, വെയിലൂർ, അണ്ടൂർക്കോണം, അഴൂർ എന്നീ വില്ലേജുകളിലും, കൊല്ലം ജില്ലയിലെ കുണ്ടറ, മുളവന, പള്ളിമൺ, വെളിച്ചക്കാല എന്നീ സ്ഥലങ്ങളിലും, കണ്ണൂർ ജില്ലയിൽ പഴയങ്ങാടി, രാമപുരം, ചെറുതാഴം, പട്ടുവം, മാടായി എന്നീ സ്ഥലങ്ങളിലും, കാസർഡോഡ് ജില്ലയിൽ പുതുക്കായ്, കണ്ടംകോട്, എരിക്കുളം, നീലേശ്വരം, പാലായ്, സീതാംഗോളി, മിയാപദവ് എന്നീ സ്ഥലങ്ങളിലും ഖനന ഭൂവിജ്ഞാപനവകുപ്പ് ചീനക്കളിമൺ നിക്ഷേപം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) & (സി) കേരള സർക്കാർ ഉടമയിലുള്ള കേരള സിറാമിക്സ് ലിമിറ്റഡ്, കുണ്ടറ, കേരള ക്ലേയ്സ് ആൻഡ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ്, കണ്ണൂർ എന്നീ സ്ഥാപനങ്ങൾ കളിമൺ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നു. കൂടാതെ, സഹകാര്യമേഖലയിൽ മെ. ഇംഗ്ലീഷ്-ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡും, മറ്റു സഹകാര്യ വ്യക്തികളും ചൈനാ ക്ലേ ഖനനവുമായി പ്രവർത്തിച്ചുവരുന്നു. ലിഗ്നൈറ്റ് വ്യാവസായികാടിസ്ഥാനത്തിൽ ഖനനം ചെയ്ത് തെർമൽ പ്ലാന്റിൽ ഉപയുക്തമാക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കെതിരെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എടുത്ത തീരുമാനത്തിൻമേൽ 'കെംഡൽ' കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ഇതുവരെ തീർപ്പായിട്ടില്ല.

(ഡി) ലിഗ്നൈറ്റിനുവേണ്ടി തുകയൊന്നും ചെലവഴിക്കുന്നില്ല. ചീനക്കളിമൺ പര്യവേക്ഷണത്തിനായി ഖനന വകുപ്പ് ബഡ്ജറ്റ് വിഹിതത്തിന്റെ 20% മുതൽ 25% വരെയുള്ള തുക വർഷംതോറും ചെലവഴിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly